G 2193 (Pages : 2) Reg. No.....

Name.....

M.A. DEGREE (C.S.S.) EXAMINATION, JUNE 2016

Fourth Semester

Faculty of Language and Literature

Branch II : Malayalam

PE 04—പുതുസാഹിത്യ സമീപനങ്ങൾ

(2012 Admission onwards)

Time : Three Hours Maximum Weight : 30

I. ഒരു പുറത്തിൽ **അഞ്ച്** ചോദ്യത്തിനുത്തരമെഴുതുക :

1 ആധുനികാനന്തര മലയാള കവിതയിലെ അവർണ്ണപക്ഷ രചനകളുടെ പ്രമേയത്തെപ്പറ്റി ചുരുക്കി പ്രതിപാദിക്കുക.

2 സ്ത്രീവിമോചന സിദ്ധാന്തങ്ങളുടെ ആദ്യകാല പരിതഃസ്ഥിതി ?

3 ദളിത് സൗന്ദര്യശാസ്ത്രം ആധുനികാനന്തര മലയാള നോവലുകളിൽ ചർച്ച ചെയ്യുന്നുണ്ടോ ? എത്രമാത്രം ?

4 വംശം, ലിംഗം എന്നിവയുടെമേൽ വ്യവസ്ഥ ചെയ്യപ്പെട്ടിരുന്ന അധികാരത്തിന്റെ ആദ്യകാല ചിത്രം എന്ത് ?

5 സാംസ്കാരിക നിർമ്മിതിയിൽ ജനപ്രിയതയെക്കുറിച്ചുള്ള വിവിധ മാനങ്ങൾ ചർച്ച ചെയ്യുക

6 കർത്തൃത്വ സങ്കല്പത്തിൽ വന്ന പരിണാമം സാഹിത്യത്തെ എപ്രകാരമാണ് ബാധിച്ചത് ?

7 സ്വത്വരാഷ്ട്രീയത്തിന്റെ സാംസ്കാരിക മുന്നേറ്റമെന്ത് ?

8 ജൈവികം എന്നതിന്റെ സാഹിത്യപരിസരം നിർവ്വചിക്കുക.

(5 × 1 = 5)

II. രണ്ടു പുറത്തിൽ കവിയാതെ **അഞ്ച്** ചോദ്യത്തിന് ഉത്തരമെഴുതുക :

9 ആധുനികതയിൽ കടന്നു വന്ന സാഹിത്യത്തിലെ ദളിത് ചിന്തകൾക്ക് ആധുനികാനന്തരതയിൽ വന്ന പരിവർത്തനമെന്ത് ?

10 ഫാന്റസിയും പുരാസ്മൃതിയുമായ തലങ്ങളിൽ സ്ത്രീവാദ ചിന്തകൾ ഭേദപ്പെടുന്നുണ്ടോ ?

11 ശാസ്ത്രയുഗത്തിന്റെ കടന്നുവരവോടെ പരിവർത്തനപ്പെട്ട മലയാള സാഹിത്യത്തിലെ കഥയുടെ പരിസരത്തെപ്പറ്റി ലഘു വിവരണം തയ്യാറാക്കുക.

12 പരിസ്ഥിതി വിഭവങ്ങളുടെ മലിനപ്പെടുത്തലുമായി ബന്ധപ്പെട്ട് രൂപപ്പെട്ട ആധുനികാനന്തര കാലത്തെ കഥാപരിസരങ്ങളെ അടയാളപ്പെടുത്തുക.

Turn over

13 ജനപ്രിയ സാഹിത്യത്തിന്റെ ചരിത്രവും വളർച്ചയും മലയാള കഥാസാഹിത്യത്തെ മുൻനിറുത്തി വിലയിരുത്തുക.

14 വംശീയതയ്ക്കെതിരെ സാമ്രാജ്യത്വ രൂപീകരണങ്ങൾ നടത്തിയ അധിനിവേശങ്ങൾക്കെതിരെ ആധുനിക മലയാള കവിതയിൽ രൂപപ്പെട്ട പ്രതിരോധ സംസ്കാരത്തെപ്പറ്റി കണ്ടെത്തുക.

15 മനുഷ്യനും പരിസ്ഥിതിയും തമ്മിലുണ്ടായിരുന്ന ആദ്യകാല പാരസ്പര്യം സാംസ്കാരിക പശ്ചാത്തലത്തിൽ വിലയിരുത്തുക.

16 ആധുനികാനന്തര കാലഘട്ടത്തിൽ സാംസ്കാരിക രൂപങ്ങളിൽവന്ന മാറ്റങ്ങളെന്തെല്ലാം ?

(5 × 2 – 10)

III. അഞ്ചു പുറത്തിൽ കവിയാതെ ഉത്തരമെഴുതുക :

17 ജനസംസ്കാര പഠനമേഖലയ്ക്ക് സാഹിത്യത്തിന്റെ മൂല്യനിർണ്ണയനത്തിലുള്ള പങ്കെന്ത് ?

അല്ലെങ്കിൽ

18 ഒളിത് സൗന്ദര്യശാസ്ത്രത്തിന്റെ പ്രത്യയശാസ്ത്രപരമായ അടിത്തറയുടെ സ്വഭാവങ്ങളെ സാഹിത്യ കൃതികളുടെ അടിസ്ഥാനത്തിൽ പ്രതിപാദിക്കുക.

19 മലയാളത്തിലെ രാഷ്ട്രീയ നോവലുകളിൽ കാണപ്പെടുന്ന രാഷ്ട്രീയാവബോധം എന്ത് ? ചരിത്രപരമായി വിലയിരുത്തുക.

അല്ലെങ്കിൽ

20 ആധുനികാനന്തര മലയാള നോവലുകളിൽ പ്രസക്തമായിക്കാണുന്ന പാരിസ്ഥിതികാവബോധം എന്ത് ?

21 ആദ്യകാല മലയാള ചെറുകഥകളിൽ കണ്ടെത്തുന്ന സ്ത്രീവാദപരമായ സ്വത്വനിർമ്മിതിയുടെ സാമൂഹ്യ സ്വഭാവങ്ങൾ എന്തെല്ലാം ?

അല്ലെങ്കിൽ

22 സംസ്കാര പഠനത്തിൽ പ്രസക്തമായ സിദ്ധാന്തങ്ങളെ ചരിത്രദൃഷ്ട്യാ വിലയിരുത്തുക.

(3 × 5 = 15)